REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 11-02-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പാരിസിലെ AI ആക്ഷൻ ഉച്ചകോടിയിൽ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോണിനൊപ്പം സംയുക്ത അധ്യക്ഷനാകും.
- സംസ്ഥാന ബജറ്റിൽ രണ്ടാം ദിവസമായ ഇന്നും നിയമസഭയിൽ ചർച്ച തുടരും.
- സ്വകാര്യ സർവകലാശാലാ കരട് ബിൽ പ്രത്യേക മന്ത്രിസഭാ യോഗം അംഗീകരിച്ചു.
- പാമ്പുകടി മരണങ്ങൾക്ക് നാലു ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് നൽകാൻ തീരുമാനം.
- ദേശീയ ഗെയിംസിൽ കേരളത്തിന് ഇന്നലെ ഒരു വെള്ളിയും വെങ്കലവും.

## വാർത്തകൾ വിശദമായി

**പാരിസിൽ ഇന്ന് AI ആക്ഷൻ ഉച്ചകോടിയിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോണിനൊപ്പം പ്രധാനമന്ത്രി നരേന്ദ്ര മോദി സംയുക്ത അധ്യക്ഷനാകും. പിന്നീട് ഇന്ത്യ-ഫ്രാൻസ് ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് പ്രസിഡന്റ് മാക്രോണുമായി അദ്ദേഹം ചർച്ച നടത്തും. . ഇന്ത്യയും ഫ്രാൻസും തമ്മിൽ സുപ്രധാന ഉഭയകക്ഷി കരാറുകളും ഒപ്പുവെച്ചേക്കും.**

**ഡെസ്ക്ക് റിപ്പോർട്ട്**

**............(വോയ്സ്)....................**

ഫ്രാൻസ് സന്ദർശനത്തിന് പാരീസിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള സ്വീകരണം ഒരുക്കിയിരുന്നു. ഫ്രാൻസ് പ്രതിരോധമന്ത്രി സെബാസ്റ്റ്യൻ ലെകോർനു അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു. പാരീസിലെ ഇന്ത്യൻ സമൂഹവും അദ്ദേഹത്തെ വരവേൽക്കാൻ എത്തിയിരുന്നു.

AI ആക്ഷൻ ഉച്ചകോടിയിൽ പങ്കെടുക്കുന്ന നേതാക്കൾക്കായി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ ഒരുക്കിയ അത്താഴ വിരുന്നിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും പങ്കെടുത്തു. വിരുന്നിനിടയിൽ മോദി, US വൈസ് പ്രസിഡന്റ് J.D വാൻസുമായി ആശയവിനിമയം നടത്തി.

ഫ്രഞ്ച് നഗരമായ മാർസെയിൽ ഫ്രാൻസിലെ ആദ്യ ഇന്ത്യൻ കോൺസുലേറ്റ് നാളെ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഇന്ത്യ-ഫ്രാൻസ് സംയുക്ത സംരംഭമായ ഇന്റർനാഷണൽ തെർമോ ന്യൂക്ലിയർ എക്സ്പിരിമെന്റൽ റിയാക്ടർ പ്രോജക്റ്റ് പ്രധാനമന്ത്രി സന്ദർശിക്കും. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങളിൽ വീരമൃത്യു വരിച്ച ഇന്ത്യൻ സൈനികർക്ക് മസാർഗൂസ് യുദ്ധ സെമിത്തേരിയിൽ മോദി ആദരാഞ്ജലി അർപ്പിക്കും.

ഫ്രാൻസിലെ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി രണ്ട് ദിവസത്തെ അമേരിക്കൻസന്ദർശനത്തിനായി നാളെ മാർസെയിൽ നിന്ന് പുറപ്പെടും.

✪✪✪

യുനാനി ദിനത്തോടനുബന്ധിച്ച് രണ്ടു ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ആയുഷ് മന്ത്രാലയത്തിനു കീഴിലെ കേന്ദ്ര യുനാനി ചികിത്സാ ഗവേഷണ സമിതിയുടെ നേതൃത്വത്തിലാണ് സമ്മേളനം. പ്രശസ്ത യുനാനി ചികിത്സകനും അധ്യാപകനും സ്വാതന്ത്ര്യ സമരസേനാനിയുമായ ഹക്കിം അജ്മൽ ഖാന്റെ ജന്മവാർഷികദിനമായ ഫെബ്രുവരി പതിനൊന്നാണ് യുനാനി ദിനം ആഘോഷിക്കുന്നത്.

“സംയോജിത ആരോഗ്യ പരിഹാരങ്ങൾക്ക് യുനാനി വൈദ്യശാസ്ത്രത്തിലെ നൂതനാശയങ്ങൾ’ എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

പരീക്ഷാ പേ ചർച്ചയുടെ എട്ടാം പതിപ്പിൽ കാലികപ്രസക്തമായ ഒട്ടേറെ വിഷയങ്ങളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി വിദ്യാർത്ഥികളുമായി സംവദിച്ചു. പഠനത്തോടൊപ്പം ഹോബികൾക്കും പ്രാധാന്യം നൽകുന്ന രീതി വളർത്തിയെടുക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ന്യൂസ് ഡെസ്‌ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.....(വോയ്സ്)......

വിദ്യാർത്ഥികൾ റോബോട്ടുകളല്ലെന്നും, വിദ്യാഭ്യാസത്തിലൂടെ സമഗ്ര വികസനമാണ് ലക്ഷ്യമിടേണ്ടതെന്നും പ്രധാനമന്ത്രി പറഞ്ഞു. എഴുത്ത് ശീലത്തിന്റെയും, സമയം പ്രയോജനപ്രദമായി ഉപയോഗിക്കുന്നതിന്റെയും പ്രധാന്യവും അദ്ദേഹം വിശദീകരിച്ചു.

പഠനത്തിനിടെയുണ്ടാകാവുന്ന ആകാംക്ഷയും, വിഷാദവും രക്ഷിതാക്കളോടും സുഹൃത്തുക്കളോടും തുറന്നുപറയണം. അത് രോഗാവസ്ഥയിലേക്ക് മാറാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഓരോ കാലത്തെയും പഴവർഗ്ഗങ്ങൾ കഴിക്കുകയും ഉയർന്ന കലോറിയും അനാരോഗ്യകരവുമായ ജങ്ക് ഫുഡുകളും കൊഴുപ്പു കലർന്ന ആഹാരങ്ങളും ഒഴിവാക്കണമെന്നും പ്രധാനമന്ത്രി വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടു.

✪✪✪

ഇന്ത്യ ഊർജ്ജ വാരാചരണത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാവും. നാലു ദിവസത്തെ പരിപാടി പ്രധാനമന്ത്രി നരേന്ദ്രമോദി വെർച്വലായി ഉദ്ഘാടനം ചെയ്യുമെന്ന് കേന്ദ്രമന്ത്രി ഹർദീപ് സിങ് പുരി പറഞ്ഞു. കാനഡ, ജർമനി, ജപ്പാൻ, US, ഇംഗ്ലണ്ട് ഉൾപ്പെടെ പത്ത് രാജ്യങ്ങളിൽ നിന്ന് പവലിയനുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന ബജറ്റിൽ രണ്ടാം ദിവസമായ ഇന്നും നിയമസഭയിൽ ചർച്ച തുടരും. മൂന്നു ദിവസമാണ് ബജറ്റ് ചർച്ചകൾക്കായി സമയം അനുവദിച്ചിരിക്കുന്നത്. ഇന്നലെ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ചർച്ചയ്ക്ക് തുടക്കമിട്ടു. ഭരണ- പ്രതിപക്ഷ അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. നാളെ ബജറ്റ് ചർച്ച പൂർത്തിയാകും.

✪✪✪

സംസ്ഥാനത്ത് പാമ്പുകടി മരണങ്ങൾക്ക് നാലു ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് നൽകാൻ ദുരന്ത നിവാരണ

അതോറിറ്റി എക്സിക്യുട്ടീവ് കമ്മിറ്റി തീരുമാനിച്ചു. വന്യമൃഗ ആക്രമണത്തിൽ ആസ്തികൾക്ക് നഷ്ടമുണ്ടായാൽ പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകാനും യോഗത്തിൽ തീരുമാനമായി. ചീഫ് സെക്രട്ടറി ശാരദാ മുരളീധരന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലാണ് തീരുമാനം.

✪✪✪

സ്വകാര്യ സർവകലാശാലാ കരട് ബിൽ സംസ്ഥാന പ്രത്യേക മന്ത്രിസഭാ യോഗം അംഗീകരിച്ചു. സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കാനും അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും നിയമനിർമ്മാണം കൊണ്ടുവരാൻ അധികാരം നൽകുന്നതാണ് ബില്ല്.

ന്യൂസ് ഡെസ്ക്ക് തയ്യാറാക്കിയ റിപ്പോർട്ട്

....(വോയ്സ്).....

സർവകലാശാലാ നിയമഭേദഗതി ബില്ലിനും ഇന്നലെ ചേർന്ന പ്രത്യേക മന്ത്രിസഭാ യോഗം അംഗീകാരം നൽകി. രണ്ട് ബില്ലുകളും ഈ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. ഉന്നതവിദ്യാഭ്യാസ രംഗത്ത് ലോകനിലവാരത്തിൽ അക്കാദമിക മികവ് ഉറപ്പാക്കാനും, അതുവഴി കേരളത്തെ വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്ക് നയിക്കാനും ലക്ഷ്യമിട്ടാണ് ബില്ലുകൾക്ക് മന്ത്രിസഭ അംഗീകാരം നൽകിയതെന്ന് അവർ പറഞ്ഞു.

✪✪✪

കോഴിക്കോട് ജില്ലയിൽ മലയോര ഹൈവേയുടെ പ്രവൃത്തി പൂർത്തീകരിച്ച ആദ്യ റീച്ച് അടുത്ത ശനിയാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. കോടഞ്ചേരി-കക്കാടം പൊയിൽ റീച്ചാണ് പൂർത്തിയായത്. കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻ ഹയർ സെക്കന്ററി സ്കൂൾ മൈതാനിയിലാണ് ഉദ്ഘാടന ചടങ്ങ്.

✪✪✪

ഉത്തരാഖണ്ഡിൽ 38-ാമത് ദേശീയ ഗെയിംസിൽ ഇന്നലെ വനിതാ ട്രിപ്പിൾ ജമ്പിൽ കേരളത്തിന് വെള്ളിയും വെങ്കലവും. N V ഷീന വെള്ളിയും സാന്ദ്ര ബാബു വെങ്കലവും നേടി. പുരുഷ വിഭാഗം 800 മീറ്ററിൽ മലയാളി സഹോദരങ്ങളായ റിജോയും ബിജോയും സർവീസസിന്റെ മലയാളി താരം മുഹമ്മദ് അഫ്സലും,

വനിതാവിഭാഗത്തിൽ കേരളത്തിന്റെ പ്രസില്ലാ ഡാനിയലും ഫൈനലിലേക്ക് യോഗ്യത നേടി. ജിംനാസ്റ്റിക്, കനോയിംഗ്, കയാക്കിംഗ് മത്സരങ്ങൾ ഇന്ന് നടക്കും.

80 മെഡലുകളുമായി സർവീസസ് ഒന്നാം സ്ഥാനത്ത് തുടരുന്നു. മഹാരാഷ്ട്ര രണ്ടാമതും കർണാടക മൂന്നാമതുമാണ്. 43 മെഡലുകളുമായി കേരളം ഒൻപതാം സ്ഥാനത്താണ്.

✪✪✪

ഏഷ്യാ ബാഡ്മിന്റൺ ടീം ചാമ്പ്യൻഷിപ്പ് ഇന്ന് ചൈനയിലെ ക്വിങ് ഡാവോയിൽ ആരംഭിക്കും. ലക്ഷ്യാസെന്നും, മാളവിക ബെൻസോദും മിക്സഡ് ഡബിൾസിൽ ഇന്ത്യയ്ക്കായി കളത്തിലിറങ്ങും. ലക്ഷ്യാസെന്നും, HS പ്രണോയിയും സിംഗിൾസിലും പങ്കെടുക്കുന്നുണ്ട്. വനിതാ സിംഗിൾസിൽ മാളവികയും മത്സരിക്കും.

പുരുഷ ഡബിൾസിൽ സാത്വിക് സായ്‌രാജ് രങ്കിറെഡ്ഡിയും, ചിരാഗ് ഷെട്ടിയും, വനിതാ ഡബിൾസിൽ ട്രീസ ജോളിയും ഗായത്രി ഗോപിചന്ദും മത്സരിക്കും. അശ്വിനി പൊന്നപ്പ- തനിഷ ക്രാസ്റ്റോയും ഈയിനത്തിൽ തന്നെ ഇന്ത്യയെ പ്രതിനിധീകരിക്കും.

✪✪✪

ISL ഫുട്ബോളിൽ ഒഡീഷ FC - പഞ്ചാബ് FC മത്സരം സമനിലയിൽ പിരിഞ്ഞു. ഭുവനേശ്വറിൽ ഇരു ടീമുകളും ഓരോ ഗോൾ നേടി.

നാളെ മുംബൈ സിറ്റി FC, FC ഗോവയുമായി ഏറ്റുമുട്ടും. മുംബൈ ഫുട്ബോൾ അരീനയിൽ രാത്രി ഏഴരക്കാണ് മത്സരം.

✪✪✪

കണ്ണൂരിൽ സമാപിച്ച സംസ്ഥാന അന്തർ ജില്ലാ സീനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ആലപ്പുഴ ചാമ്പ്യൻമാരായി. തിരുവനന്തപുരമാണ് റണ്ണേർസ് അപ്പ്. വിജയികൾക്ക് സമാപന ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

✪✪✪

ഇടുക്കി പെരുവന്താനം കൊമ്പൻപാറയിൽ കാട്ടാന ആക്രമണത്തിൽ മരിച്ച സോഫിയയുടെ മൃതദേഹം ഇന്നലെ രാത്രി വൈകി അധികൃതർക്ക് വിട്ടുനൽകി. മൃതദേഹം ഇന്ന് പോസ്റ്റ്മോർട്ടം ചെയ്യും. തുടർന്ന് മുണ്ടക്കയം വരിക്കാനി ജുമാ മസ്ജിദിൽ കബറടക്കും.

പ്രതിഷേധിച്ച നാട്ടുകാരുമായി നടത്തിയ ചർച്ചയിൽ സോഫിയയുടെ കുടുംബത്തിന് ഇന്ന് തന്നെ 10 ലക്ഷം രൂപ ധനസഹായം നൽകുമെന്ന് ജില്ലാകളക്ടർ V. വിഗ്നേശ്വരി ഉറപ്പു നൽകി. സോഫിയയുടെ മകൾക്ക് ജോലി നൽകുമെന്നും കളക്ടർ പറഞ്ഞു. കാട്ടാന ആക്രമണം രൂക്ഷമായ പ്രദേശത്തെ മൂന്ന് കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാനും നടപടി തുടങ്ങും.

✪✪✪

കോഴിക്കോട് വടകരയിൽ വയോധികയെ കാറിടിച്ച് കൊല്ലുകയും ഒൻപതുകാരിയ്ക്ക് ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്ത കേസിൽ കാറുടമ പുറമേരി സ്വദേശി സജിലിനെ വടകരയിലെത്തിച്ചു. കോയമ്പത്തൂർ വിമാനത്താവളത്തിൽ നിന്നാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്. അപകടത്തിനുശേഷം ഇയാൾ കാർ നിർത്താതെ രക്ഷപ്പെടുകയും, വിദേശത്തേക്ക് കടക്കുകയുമായിരുന്നു.

✪✪✪

പേവിഷബാധയെ തുടർന്ന് തിരുവല്ലയിലെ സ്വകാര്യാശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന കുട്ടി മരിച്ചു. പറയംകുളം സെയ്ന്റ് ജോസഫ്സ് സ്കൂളിലെ നാലാം ക്ലാസ് വിദ്യാർത്ഥി ആലപ്പുഴ ചാരുംമൂടിലെ സാവൻ B കൃഷ്ണയാണ് വൈകിട്ട് മരിച്ചത്. ഒന്നര മാസത്തോളം മുമ്പ് സൈക്കിളിൽ സഞ്ചരിച്ച കുട്ടിയെ തെരുവുനായ ആക്രമിച്ചിരുന്നു.

✪✪✪

ആലപ്പുഴ പുന്നപ്ര വടക്ക് പഞ്ചായത്തിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ട ദിനേശൻ എന്ന മധ്യവയസ്കനെ കൊലപ്പെടുത്തിയതാണെന്ന് പൊലീസ് കണ്ടെത്തി. അയൽവാസി കുഞ്ഞുമോനും മകൻ കിരണും ചേർന്ന് വൈദ്യുതി കെണി ഒരുക്കി ദിനേശനെ കൊലപ്പെടുത്തിയ ശേഷം ശരീരം വിരിപ്പ് പാടശേഖരത്തിൽ തള്ളുകയായിരുന്നുവെന്നാണ് കണ്ടെത്തൽ.

✪✪✪

ഗിരീഷ് പുത്തഞ്ചേരിയുടെ പേരിൽ സംസ്ഥാന ഗവൺമെന്റ് അവാർഡ് ഏർപ്പെടുത്തണമെന്ന് സംവിധായകൻ V.M വിനു ആവശ്യപ്പെട്ടു. അത്തോളി ഗ്രാമ പഞ്ചായത്തിന്റെ ഗിരീഷ് പുത്തഞ്ചേരി അനുസ്മരണം സൂര്യകിരീടം - 25 ഉദ്ഘാടനം ചെയ്യുകയായിരുന്നു

അദ്ദേഹം. പഞ്ചായത്തിന്റെ പ്രഥമ  സൂര്യ കിരീടം അവാർഡ് ഡോ.മനു മൻജിത്തിന് ചടങ്ങിൽ സമ്മാനിച്ചു.

✪✪✪

വിവരാവകാശ നിയമപ്രകാരം രേഖകൾ നൽകുന്നില്ലെന്ന പരാതിയിൽ സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. A അബ്ദുൽഹക്കീം, പത്തനംതിട്ട പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസിനും, KSRTC ഡിപ്പോയ്ക്കും കാരണം കാണിക്കാൻ നോട്ടീസ് നൽകി. അപേക്ഷകൾ സ്വീകരിക്കുന്നതല്ലാതെ മറുപടി നൽകുന്നില്ലെന്നും വെബ്സൈറ്റിൽ വിവരങ്ങൾ അല്-ലോഡ് ചെയ്യുന്നില്ലെന്നും മിന്നൽ പരിശോധനയിൽ ബോധ്യപ്പെട്ടതിനെ തുടർന്നാണ് നോട്ടീസ് നൽകിയത്. 14 ദിവസത്തിനകം വീഴ്ചകൾ പരിഹരിച്ചില്ലെങ്കിൽ തുടർനടപടിയെടുക്കുമെന്ന് കമ്മീഷണർ മുന്നറിയിപ്പു നൽകി.

✪✪✪

പാതിവില തട്ടിപ്പിൽ ഇന്നലെ നിലമ്പൂർ പൊലീസിൽ ഏഴ് പേർ കൂടി പരാതി നൽകി. ഇതോടെ നിലമ്പൂർ പൊലീസ് സ്റ്റേഷനിൽ ലഭിച്ച പരാതികളുടെ എണ്ണം 104 ആയി. 35 ലക്ഷത്തിൽപ്പരം രൂപയുടെ തട്ടിപ്പാണ് ഉണ്ടായതെന്ന് പരാതികളിൽ പറയുന്നു.

✪✪✪

കാസർകോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ നേതൃത്വത്തിൽ അടുത്ത ശനിയാഴ്ച സീതാംഗോളിയിൽ  സൗജന്യ തൊഴിൽ മേള സംഘടിപ്പിക്കും. പങ്കെടുക്കുന്നവർ രാവിലെ സർട്ടിഫിക്കറ്റുകളും ബയോഡാറ്റയും സഹിതം മാലിക് ദിനാർ കോളജിൽ എത്തേണ്ടതാണ്.

✪✪✪

---

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader : ഫസ്ന ഫാത്തിമ*
*DEO: ഷീബ*